<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 925</u> <u>06-02-2023 - ൽ മറുപടിയ്ക്ക്</u>

<u>വന്യമൃഗങ്ങളുടെ ആക്രമണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി നിയോജക മണ്ഡലത്തിൽ എടപ്പറ്റ പഞ്ചായത്തിലെ മൂനാടി പ്രദേശത്ത് രൂക്ഷമായ വന്യമൃഗ ശല്യം തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | ഈസ്റ്റേൺ സർക്കിളിന്റെ കീഴിലുള്ള നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽ വരുന്ന മഞ്ചേരി നിയോജക മണ്ഡലത്തിൽ എടപ്പറ്റ പഞ്ചായത്തിലെ മുനാടി പ്രദേശത്തെ രൂക്ഷമായ വന്യജീവി ശല്ല്യം തടയുന്നതിന് ടി ഭാഗത്ത് കാളികാവ് റെയിഞ്ചിലെ കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് നിരന്തര പട്രോളിംഗ് നടത്തുന്നുണ്ട്. ടി ഭാഗത്ത് സ്ഥിരമായി വാച്ചർമാരുടെയും സ്റ്റാഫിന്റെയും സാധിദ്ധ്യം ഉറപ്പുവരുത്തുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ദ്രുതകർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ബി) | കീഴാറ്റൂർ പഞ്ചായത്തിലെ മുള്ളിയ കുറിശ്ശി പ്രദേശത്ത് പുലി, പന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷി അടക്കമുള്ളവ നശിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷി നാശം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | കാളികാവ് റെയിഞ്ചിലെ കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷനിലെ മുള്ളിയകുറിശ്ശി പ്രദേശത്ത് പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്നുള്ള വാർത്തയെ തുടർന്ന് ടി സ്ഥലത്ത് ജീവനക്കാർ പരിശോധന നടത്തിയെങ്കിലും പുലിയെ കണ്ടെത്തിയിട്ടില്ല. ജനവാസമേഖലയിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊല്ലുന്നതിനായി പൊതു ജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ / അധികാരപ്പെട്ട ഉദ്യോഗസ്ഥന് അത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് / കൊല്ലിക്കുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം/ നിബന്ധനകൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് (കൈ) നം..29/2022/വനം തീയതി 28.05.2022, സർക്കാർ ഉത്തരവ് (സാധാ) നം. 239/2022/വനം തീയതി 29.05.2022 എന്നീ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. |
| (സി) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും പ്രസ്തുത പ്രദേശങ്ങളെയും കർഷകരെയും സംരക്ഷിക്കാൻ | (സി) | വന്യമൃഗശല്ല്യം ഉണ്ടാകുന്ന ഭാഗത്ത് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് നിരന്തര പട്രോളിംഗ് നടത്തുകയും, |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | | സ്ഥിരമായി വാച്ചർമാരുടെയും സ്റ്റാഫിന്റെയും സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. നിലവിൽ കാളികാവ് റെയിഞ്ചിന്റെ കീഴിൽ അമരമ്പലം കേന്ദ്രീകരിച്ച് ഒരു താൽക്കാലിക ദ്രുതകർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ സേവനം ഉപയോഗപ്പെടുത്തി വന്യമൃഗശല്ല്യം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ